**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2624** **14-09-2023 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കായിക വകുപ്പിന്റെ പദ്ധതിയായ" ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" എന്ന പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനത്തെ എം.എൽ.എ.മാർക്ക് അനുവദിച്ച ആസ്തി വികസന ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 13.06.2022 തീയതിയിലെ സ.ഉ.(അച്ചടി) നം.65/2022/ധന ഉത്തരവ് പ്രകാരം, **ഒരു പഞ്ചായത്തിൽ ഒരു കളിക്കളം** പദ്ധതിയ്ക്കായി തദ്ദേശ സ്ഥാപന ഫണ്ട്/ CSR ഫണ്ടുകൾ/ പൊതു സ്വകാര്യ പങ്കാളിത്തം (PPP)/ മറ്റ് സർക്കാർ വിഹിതം എന്നിവയോടൊപ്പം ചേർത്തുകൊണ്ട് ആസ്തിവികസന ഫണ്ട് വിനിയോഗിക്കാവുന്നതാണ്. ആസ്തി വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ മുതൽ പരമാവധി 50 ലക്ഷം രൂപ വരെ, ആകെ പ്രോജക്റ്റ് ചെലവിന്റെ 50% -ൽ അധികരിക്കാതെ എന്ന വ്യവസ്ഥയിൽ, എം.എൽ.എ.മാർ ശുപാർശ ചെയ്യുന്ന പ്രകാരം, ടി പദ്ധതിയ്ക്കായി അനുവദിയ്ക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതികളിൽ ഇതിനകം ഭരണാനുമതി നൽകിയവ എത്ര എന്ന് അറിയിക്കാമോ; | (ബി) | **ഒരു പഞ്ചായത്തിൽ ഒരു കളിക്കളം** പദ്ധതിയിൽ ആസ്തിവികസനഫണ്ട് വിനിയോഗിക്കുന്നതിനായി ഇതിനകം 11 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | ഗുരുവായൂർ മണ്ഡലത്തിലെ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കാമോ? | (സി) | ഗുരുവായൂർ മണ്ഡലത്തിലെ പുന്നയൂർ ഗ്രാമ പഞ്ചായത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം 2022-23 ആസ്തിവികസന ഫണ്ടിൽ നിന്നും ബഹു. എം.എൽ.എ. 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ചെക്ക് ലിസ്റ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടെങ്കിലും ലഭ്യമായിട്ടില്ല. പുന്നയൂർ ഗ്രാമപഞ്ചായത്തിൽ നിന്ന് ഭരണസമിതി തീരുമാനവും അനുബന്ധ രേഖകളും ആവശ്യപ്പെട്ടെങ്കിലും ആയതും ലഭ്യമായിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാകാത്തതിനാലാണ് ഭരണാനുമതി നൽകുവാൻ വൈകുന്നത്. |

സെക്ഷൻ ഓഫീസർ